"ഭരണഭാഷ-മാതൃഭാഷ"

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 10-06-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ പ്രഥമാധ്യാപകരും (വിദ്യാഭ്യാസ ഓഫീസർ/വെബ്സൈറ്റ് മുഖാന്തരം)

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം - "സമന്വയ" വഴിയുള്ള തസ്തികനിർണയം 2019-20 - സമ്പൂർണയിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന : 31-05-2019 ലെ സ.ഉ (കൈ) നമ്പർ 51/2019/പൊ.വി.വ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ തസ്തികനിർണയം 2019-20 വർഷം മുതൽ "സമന്വയ" സോഫ്റ്റ്വെയർ മുഖേന ഓൺലൈൻ ആയി നിർവഹിക്കാൻ സൂചനയിലെ ഉത്തരവ് വഴി സർക്കാർ നിർദേശിച്ചിരിക്കുകയാണ്. സമ്പൂർണയിൽ നിന്നു ലഭ്യമാകുന്ന ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് "സമന്വയ" വഴി തസ്തികനിർണയം നടത്തുന്നത് എന്നതിനാൽ സമ്പൂർണയിൽ കുട്ടികളുടെ വിശദാംശങ്ങൾ വളരെ കൃത്യതയോടെ രേഖപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മുൻവർഷങ്ങളിൽ അറബി, ഉറുദു, സംസ്കൃതം, അഡീഷണൽ ഹിന്ദി തുടങ്ങിയ ഭാഷകൾ പഠിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ രേഖപ്പെടുത്തുന്നതിൽ പ്രഥമാധ്യാപകർ വരുത്തിയ പിശകുകൾ മൂലം ചില സ്കൂളുകളിൽ തസ്തികകൾ നഷ്ടപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് പിന്നീട് അനാവശ്യ അപ്പീലുകൾക്കും കോടതി വ്യവഹാരങ്ങൾക്കും വരെ ഇടവരുത്തിയിട്ടുണ്ട്.

ഈ വർഷം കുട്ടികളുടെ വിവരങ്ങൾ സമ്പൂർണയിൽ നിന്ന് "സമന്വയ" യിലേക്ക് നേരിട്ട് ലിങ്ക് ചെയ്യപ്പെടുന്നതിനാലും അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി തസ്തിക നിർണയം നടത്തുന്നതിനാലും സമ്പൂർണയിൽ പ്രഥമാധ്യാപകർ വരുത്തുന്ന തീരെ ചെറിയ പിശക് പോലും ചിലപ്പോൾ തസ്തിക നഷ്ടത്തിന് കാരണമായേക്കാം. തസ്തികനിർണയം ഓൺലൈൻ ആയതിനാൽ സമ്പൂർണയിലെ പിശകുകൾ പിന്നീട് തിരുത്താനും കഴിയില്ല. ഈ സാഹചര്യത്തിൽ പ്രഥമാധ്യാപകർ താഴെപറയുന്ന നിർദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) **വ്യാജ അഡ്മിഷനുകൾ ഒരെണ്ണം പോലും സമ്പൂർണയിൽ ഉണ്ടാകരുത്. പ്രഥമാധ്യാപകർ സമ്പൂർണയിൽ എന്റർ ചെയ്ത് കൺഫേം ചെയ്യുന്ന കുട്ടികളുടെ വിവരങ്ങൾ ഉപയോഗിച്ചാണ് 'സമന്വയ' വഴി തസ്തികനിർണയം ഓൺലൈനായി നടത്തുന്നത്.**

Scanned by CamScanner

ആയതിനാൽ ഈ വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ വിവരങ്ങൾ കൺഫേം ചെയ്യുമ്പോൾ അതിൽ ഒരു വ്യാജ അഡ്മിഷൻ പോലുമില്ല എന്ന കാര്യം എല്ലാ പ്രഥമാധ്യാപകരും ഉറപ്പു വരുത്തണം. തസ്തികനിർണയത്തിനു ശേഷം ഈ വർഷമുണ്ടാകുന്ന സ്കൂൾ പരിശോധനകളിൽ വ്യാജ അഡ്മിഷനുകൾ കണ്ടെത്തിയാൽ അതിന് ഉത്തരവാദികളായ പ്രഥമാധ്യാപകനും ക്ലാസ് ടീച്ചർക്കുമെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

2) സമ്പൂർണയിൽ എന്റർ ചെയ്യുന്ന ഓരോ കുട്ടിയുടെയും വിശദാംശങ്ങൾ കൃത്യതയുള്ളതാണെന്ന് ഉറപ്പു വരുത്തി മാത്രമേ പ്രഥമാധ്യാപകൻ കൺഫേം ചെയ്യാവൂ.

3) യു.പി, ഹൈസ്കൂൾ ക്ലാസ്സുകളിൽ അറബി, ഉറുദു, സംസ്കൃതം, ഗുജറാത്തി, അഡീഷണൽ ഹിന്ദി തുടങ്ങിയ ഭാഷകൾ ഒന്നാം ഭാഷയായി (പാർട് I) പഠിക്കുന്ന കുട്ടികളുടെ എണ്ണം തസ്തികനിർണയത്തിന് പരിഗണിക്കുന്നതിന് സമ്പൂർണയിലെ അഡ്മിഷൻ ഫോമിലെ അവരുടെ ഒന്നാംഭാഷ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. ഓറിയന്റൽ അല്ലാത്ത സ്കൂളുകളിൽ ഇത് ''അക്കാദമിക്'' എന്ന കോളത്തിലാണ് രേഖപ്പെടുത്തേണ്ടത്.

4) എൽ.പി വിഭാഗത്തിൽ അറബി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ സമ്പൂർണയിലെ അഡ്മിഷൻ ഫോറത്തിൽ ''അഡീഷണൽ അറബിക്'' എന്ന കോളത്തിലാണ് രേഖപ്പെടുത്തേണ്ടത്.

ആറാം പ്രവൃത്തിദിനത്തിലെ കുട്ടികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ രേഖപ്പെടുത്തി കൺഫേം ചെയ്തു കഴിഞ്ഞാൽ പിന്നീട് ആയതിൽ യാതൊരു മാറ്റവും വരുത്താൻ അനുവദിക്കുന്നതല്ല. അതുകൊണ്ടു തന്നെ അധ്യാപകരുടെയോ പ്രഥമാധ്യാപകരുടെയോ ശ്രദ്ധക്കുറവു മൂലം ഈ കാര്യത്തിൽ ഉണ്ടാകുന്ന പിശകുകൾ തിരുത്താനും കഴിയില്ല. സമ്പൂർണയിൽ കുട്ടികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയതിൽ ഉണ്ടായ അപാകത മൂലം പിന്നീട് തസ്തികയോ ഡിവിഷനോ നഷ്ടപ്പെട്ടാൽ ആയതിന് ബന്ധപ്പെട്ട പ്രഥമാധ്യാപകൻ തന്നെയാകും പൂർണ ഉത്തരവാദി എന്ന വിവരവും അറിയിക്കുന്നു.

ഈ കത്തിലെ നിർദേശങ്ങൾ എല്ലാ പ്രഥമാധ്യാപകരും പാലിക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതും കത്തിന്റെ പകർപ്പ് എല്ലാ പ്രഥമാധ്യാപകർക്കും നൽകി രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പകർപ്പ് :

1) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2) എല്ലാ ''സമന്വയ'' സംസ്ഥാന/ജില്ലാ നോഡൽ ഓഫീസർമാർക്കും

Scanned by CamScanner